**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 532** **09-08-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ എത്രപേർക്ക് ലഭിക്കുന്നുണ്ടെന്നും 2016-ൽ എത്രപേർക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | നിലവിൽ സംസ്ഥാനത്ത് ആകെ 52,45,522 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'സേവന' പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 2023 ഏപ്രിൽ മാസത്തെ കണക്ക് പ്രകാരം പഞ്ചായത്ത് വകുപ്പ് ശിപാർശ ചെയ്ത പരിശോധനാ നടപടിക്രമങ്ങൾ പൂർത്തീകരിച്ച 50,57,901 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിച്ചിട്ടുണ്ട്.<br><br>സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന വിവിധ ക്ഷേമനിധി ബോർഡുകളിലെ 6,73,659 ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ മാസത്തെ കണക്ക് പ്രകാരം ക്ഷേമനിധി ബോർഡ് പെൻഷനുകളും അനുവദിച്ചിട്ടുണ്ട്.<br><br>തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന 1330 പേർക്ക് മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ നൽകുന്നുണ്ട്.<br><br>കായിക യുവജനകാര്യ വകുപ്പ് മുഖേന 1123 പേർക്ക് സർക്കസ് പെൻഷനും 102 പേർക്ക് അവശ കായികതാര പെൻഷനും, പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 302 പേർക്ക് വിശ്വകർമ്മ പെൻഷനും നൽകി വരുന്നു. 2016-ൽ എത്രപേർക്ക് നൽകിയിട്ടുണ്ടെന്നുള്ളത് ചുവടെ ചേർക്കുന്നു.<br><br>സാമൂഹ്യ സുരക്ഷാ പെൻഷൻ - **3901133**<br><br>ക്ഷേമനിധി ബോർഡ് പെൻഷൻ - **946863**<br><br>വിവിധ വകുപ്പുകൾ മുഖേനയുള്ളവ - **4672**<br><br>ആകെ - **4852668** |

| | | | |
|---|---|---|---|
| (ബി) | നിലവിൽ പ്രസ്തുത പെൻഷൻ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | 2023 ഏപ്രിൽ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2023 മെയ്, ജൂൺ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നല്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ